"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ജീവനക്കാര്യം - എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ.ജോസ് പ്രതാപിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1099/2024/TAXES തീയതി,തിരുവനന്തപുരം, 09-12-2024

---

പരാമർശം:-

1. എക്സൈസ് കമ്മീഷണറുടെ 18/04/2024-ലെ EXC/71/2023-XE4 നമ്പർ ഉത്തരവ്
2. ശ്രീ. എ. ജോസ് പ്രതാപ് 28/06/2024-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
3. എക്സൈസ് കമ്മീഷണറുടെ 23/08/2024-ലെ EXC/71/2023-XE4 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എ.ജോസ് പ്രതാപിനെതിരെയുള്ള അച്ചടക്ക നടപടി ടിയാന് "സെൻഷർ" നൽകി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ പരാമർശം (1) ലെ ഉത്തരവിനെതിരെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.എ.ജോസ് പ്രതാപ് പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപ്പീൽ അപേക്ഷയിൻമേൽ എക്സൈസ് കമ്മീഷണർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയതിരുന്നു.

"കോതമംഗലം എക്സൈസ് സർക്കിൾ ഓഫീസിൽ കണ്ടെടുക്കുന്ന ബഹുഭൂരിഭാഗം കേസുകളിലും ഇതരസംസ്ഥാന തൊഴിലാളികളാണ് പ്രതികളെന്നും ടി കേസുകളിൽ പണാപഹരണം ഉൾപ്പെടെയുള്ള അപകീർത്തികരമായ ചില കാര്യങ്ങൾകൂടി സംഭവിക്കുന്നതായും നിരോധിത പുകയില ഉൽപ്പന്നങ്ങൾ വില്പന നടത്തുന്നതിന് ചില കച്ചവട സ്ഥാപനങ്ങൾ എക്സൈസ് സർക്കിൾ ഓഫീസിൽ മാസന്തോറും 3000/-രൂപ വീതം നൽകുന്നതായും ഇ.ഐ & ഐ.ബി ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തതിന്മേൽ എക്സൈസ് വിജിലൻസ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. എക്സൈസ് വിജിലൻസ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരം 16.11.2022-ന് കോതമംഗലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ. എ.ജോസ് പ്രതാപും പ്രിവന്റീവ് ഓഫീസർ നിയാസ്, പ്രിവന്റീവ് ഓഫീസർ (ഗ്രേഡ്) സിദ്ദിഖ് എന്നിവരുമായി നെല്ലിക്കുഴി ഭാഗത്ത് ടിയാൻ കേസുകൾ കണ്ടെത്തുന്നതിന് വിവരം നൽകാറുള്ള അന്യദേശ

തൊഴിലാളികളായ റഫീക്കുൽ ഇസ്ലാം, റംസാൻ അലി എന്നിവരെ ഹെറോയിൻ മയക്കമരുന്ന് ഉണ്ടെന്ന സംശയത്താൽ പിടികൂടി ചോദ്യം ചെയ്തതിന് ശേഷം ടിയാന്മാരിൽ നിന്നും ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ ഭാഗത്ത് സെയ്ദുൽറഹ്മാൻ, സദാംഹുസൈൻ തുടങ്ങിയ അന്യദേശ തൊഴിലാളികൾ താമസിക്കുന്ന റൂമിന് മുൻവശം എത്തി അവിടെ ഉണ്ടായിരുന്ന രണ്ട് അന്യദേശ തൊഴിലാളികളെ ചോദ്യം ചെയ്തതായും എക്സൈസ് വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പിറ്റേദിവസം അവിടെ നിന്ന് പണം നഷ്ടപ്പെട്ട വിവരം അറിഞ്ഞതായും, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കൂടെ കൊണ്ട് പോയ അന്യദേശ തൊഴിലാളികളായ റഫീക്കുൽ ഇസ്ലാം, റംസാൻ അലി എന്നിവരായിരിക്കാം അവിടെ നിന്നും പണം മോഷ്ടിച്ചിരിക്കാൻ സാധ്യതയെന്ന സംശയത്താൽ മോഷണവിവരം അറിഞ്ഞ ഉടൻ തന്നെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞതനുസരിച്ച് പ്രിവന്റീവ് ഓഫീസർ നിയാസ്, സിവിൽ എക്സൈസ് ഓഫീസർമാരായ നന്ദു, ബേസിൽ.കെ.തോമസ് എന്നിവർ അന്വേഷണം നടത്തി റഫീക്കുൽ ഇസ്ലാം, റംസാൻ അലി എന്നിവർ താമസിക്കുന്ന സ്ഥലത്തെത്തി റഫീക്കുൽ ഇസ്ലാമിൽ നിന്നും പണം കണ്ടെത്തുകയും, തുടർന്ന് ഉദ്യോഗസ്ഥർ പെരുമ്പാവൂരെത്തി സെയ്ദൂൽ റഹ്മാനോടൊപ്പം താമസിക്കുന്ന സദാംഹുസൈൻ എന്നയാൾക്ക് റഫീക്കുൽ ഇസ്ലാമിനെ കൊണ്ട് തന്നെ പണം തിരികെ കൊടുത്തതായും അന്യദേശതൊഴിലാളിയായ റഫീക്കുൽ ഇസ്ലാം എന്നയാൾ ടി സ്ഥലത്തുനിന്നും ടിയാനാണ് ഒരു ലക്ഷം രൂപ മോഷ്ടിച്ചതെന്നും ഉദ്യോഗസ്ഥർ ആവശ്യപ്പെട്ടതനുസരിച്ച് അത് തിരികെ സദാംഹുസൈന് നൽകിയതായും മൊഴി നൽകിയതായും, ഇപ്രകാരം ഇൻഫോർമർമാരെ കേസ് കണ്ടെത്തുന്നതിനായി കൊണ്ടുപോകുമ്പോൾ അവർ പരിശോധനയ്ക്കായി റൂമിനകത്ത് കയറാൻ ഇടവന്നതും പണം മോഷ്ടിച്ചു എന്നു പറയുന്നതും സർക്കിൾ ഇൻസ്പെക്ടറുടെ ഭാഗത്ത് നിന്നുള്ള ജാഗ്രതക്കുറവാണെന്നും, മാത്രമല്ല പണം മോഷണം നടന്ന വിവരം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോസ് പ്രതാപ് അറിഞ്ഞ ഉടനെ ഐ.പി.സി 380-ാം വകുപ്പ് പ്രകാരം നിയമ നടപടി എടുക്കുന്നതിന് പോലീസിൽ റിപ്പോർട്ട് നൽകുന്നതിന് പകരം സ്വന്തം നിലയിൽ അന്വേഷണം നടത്തി പണം എടുത്തയാൾ എന്നു പറയപ്പെടുന്ന റഫീക്കുൽ ഇസ്ലാമിനെ കൊണ്ടുതന്നെ പണം തിരികെ കൊടുപ്പിച്ചതായ ടിയാന്റെ പ്രവൃത്തി ക്രമവിരുദ്ധമാണെന്നും എക്സൈസ് വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ.ജോസ് പ്രതാപിന്റെ പ്രവൃത്തി സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനവും ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ ഗുരുതരവീഴ്ചയും, അച്ചടക്കലംഘനവും കൃത്യവിലോപവുമാണെന്ന് കണ്ട് ടിയാന് കുറ്റാരോപണ മെമ്മോ, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ആയതിന് ടിയാൻ സമർപ്പിച്ച വിശദീകരണം ബന്ധപ്പെട്ട രേഖകളും പ്രസക്തമായ വസ്തുതകളുമായി വിശദമായി പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലായെന്ന് കണ്ട് തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി 1960-ലെ കേരള സിവിൽ സർവ്വീസ് ചട്ടങ്ങൾക്ക് (അപ്പീലും, നിയന്ത്രണവും, തരംതിരിക്കലും) കീഴിലെ ചട്ടം15 പ്രകാരമുള്ള ഫോർമൽ എൻക്വയറി ആവശ്യമാണെന്ന് കണ്ട് ആഭ്യന്തരപരിശോധനാവിഭാഗം (ഐ.എ.ഡബ്ല്യൂ) ജോയിന്റ് എക്സൈസ് കമ്മീഷണറെ എൻക്വയറി ഓഫീസറായി നിയമിച്ചുകൊണ്ട് ഉത്തരവാകുകയും ടിയാൻ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആഭ്യന്തരപരിശോധനാവിഭാഗം (ഐ.എ.ഡബ്ല്യൂ) ജോയിന്റ് എക്സൈസ് കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജോസ് പ്രതാപിന്റെ ഭാഗത്ത് നിന്നും ജാഗ്രതക്കുറവും സൂക്ഷ്മതക്കുറവും

സംഭവിച്ചതായും ആയത് വഴി എക്സൈസ് വകുപ്പിന് പൊതുജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാക്കുന്നതിനും എക്സൈസ് വകുപ്പിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്നതിനും ഇടയായതായും ഐ.എ.ഡബ്ല്യൂ ജോയിന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഫോർമൽ എൻക്വയറി റിപ്പോർട്ടും അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ജോസ് പ്രതാപിന്റെ ഭാഗത്ത് നിന്നും അലംഭാവവും ജാഗ്രതക്കുറവും സംഭവിച്ചതായി ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ടിയാനെതിരായ അച്ചടക്കനടപടി 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (i) പ്രകാരം "സെൻഷർ" നൽകി തീർപ്പാക്കി ഉത്തരവായത്. ടി ഉത്തരവിനെതിരെ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. എ.ജോസ് പ്രതാപ് സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലായെന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

2) എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ ജോസ് പ്രതാപ് സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ടിയാനെ നേരിൽ കേൾക്കണമെന്ന അപേക്ഷ പരിഗണിച്ച് ,ടിയാനെ 06/11/2024 തീയതിയിൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേൾക്കവേ ടിയാൻ ചുവടെ പറയുന്ന വാദഗതികൾ ഉന്നയിച്ചിരുന്നു.

'' എനിക്കെതിരെയുള്ള അച്ചടക്കനടപടി സെൻഷർ നൽകി തീർപ്പാക്കിയ ബഹു.എക്സൈസ് കമ്മീഷണറുടെ 18.04.2024 തീയതിയിലെ EXC/71/2023/XE4 ഉത്തരവ് ഞാൻ കൈപ്പറ്റിയിട്ടുള്ളതാണ്. ടി ഉത്തരവിൽ എനിക്കെതിരെ കൈക്കൊണ്ട അച്ചടക്കനടപടി ശരിക്കും നീതിനിഷേധവും അന്വേഷണത്തിൽ കണ്ടെത്തിയ സത്യങ്ങൾക്ക് വിരുദ്ധവുമാണ്. ബഹുമാനപ്പെട്ട എക്സൈസ് കമ്മീഷണറുടെ ഉത്തരവ് തന്നെ തെറ്റിദ്ധരിപ്പിക്കുന്നതും അന്വേഷണത്തിൽ വെളിവായകാര്യങ്ങൾ മറച്ചുവെച്ചു കൊണ്ട് എന്നിൽ ഒരു കുറ്റം അടിച്ചേൽപ്പിക്കുന്നതുമാണ്. അന്വേഷണ റിപ്പോർട്ടിൽ 19-ാം പേജിൽ അന്വേഷണത്തിൽ കണ്ടെത്തിയത് എന്ന തലക്കെട്ടിന് കീഴിൽ 13-ാമത്തെ ലൈൻ മുതൽ 17-ാം മത്തെ ലൈൻ വായിച്ചാൽ മനസ്സിലാകും. ടി കുറ്റാരോപണമെമ്മോയിലെ ഒന്നാമത്തെ ആരോപണത്തിലെ ക്യാഷ് നഷ്ടപ്പെട്ടുവെന്ന് പറയുന്ന വ്യക്തിയുടെ മൊഴിയെടുത്തിട്ടില്ലായെന്ന്. എന്റെ സത്യസന്ധത ബോദ്ധ്യപ്പെടുന്നതിനാലാണ് ഈ ആരോപണത്തിന്റെ ഏറ്റവും പരമപ്രധാനമായി മൊഴി എടുക്കേണ്ട വ്യക്തിയുടെ മൊഴി രേഖപ്പെടുത്താതെ ഇങ്ങനെയൊരു കണ്ടെത്തൽ നടത്തിയത്. അന്വേഷണത്തിൽ 20-ാമത്തെ പേജിൽ വ്യക്തമായി തന്നെ എന്റെ നിരപരാധിത്വം അന്വേഷണ ഉദ്യോഗസ്ഥന് ബോദ്ധ്യമായതായി കാണാം. ക്യാഷ് നഷ്ടപ്പെട്ടത് സംബന്ധിച്ച് ആരും വാക്കാലോ, രേഖാമൂലമോ എനിക്ക് പരാതി കിട്ടിയിട്ടില്ലായെന്ന് ഈ അന്വേഷണത്തിൽ കണ്ടെത്തിയതായി അന്വേഷണ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തുന്നു. കൂടാതെ എറണാകുളം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെയോ അസി.എക്സൈസ് കമ്മീഷണർ മുമ്പാകെയോ നാളിതുവരെ അങ്ങനെയൊരു പരാതി നൽകിയിട്ടില്ലായെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുണ്ട്. വ്യക്തമായ പരാതിയുടെ അഭാവത്തിലും പരാതിക്കാരൻ ഇല്ലാത്തതിനാലുമാണ് ഞാൻ പോലീസിൽ റിപ്പോർട്ട് ചെയ്യാതിരുന്നതെന്നും വ്യക്തമാണ്. ഒന്നാം ആരോപണം സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ 22-ാം പേജിൽ വളരെ വ്യക്തമായിട്ട് എന്റെ നിരപരാധിത്വം അന്വേഷണ

ഉദ്യോഗസ്ഥൻ വെളിവാക്കുന്നുണ്ട്. ടി ആരോപണം നിലനിൽക്കുന്നതല്ലായെന്ന് ടിയാൻ പറയുന്നുണ്ട് ഇപ്രകാരം. മേൽവസ്തുതകളിൽ നിന്നും "മോഷണം വിവരം അറിഞ്ഞ ഉടനെ ഐ.പി.സി. 380 വകുപ്പ് പ്രകാരം നിയമനടപടി സ്വീകരിക്കുന്നതിന് ടി വിവരം പോലീസിൽ റിപ്പോർട്ട് നൽകുന്നതിന് പകരം റഫീക്കുൾ റഹ്മാനെക്കൊണ്ടുതന്നെ പണം തിരികെ കൊടുപ്പിച്ച പ്രവൃത്തി ക്രമവിരുദ്ധമാണെന്നും മറ്റുമുള്ള ആരോപണം പരാതിക്കാരനില്ലാത്തതിനാലും ആരും വാക്കാലോ, രേഖാമൂലമോ എനിക്ക് പരാതി നൽകാത്തതിനാലും തുക മടക്കി നൽകിയ സാഹചര്യത്തിലും എപ്രകാരമാണ് സെയ്ദുൾ റഹ്മാനിൽ നിന്നും റഫീക്കുൾ റഹ്മാൻ തുക കൈക്കലാക്കിയത് എന്ന് വ്യക്തമാകാത്തതിനാലും നിലനിൽക്കുന്നില്ലായെന്ന് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് എനിക്കെതിരെ മറ്റൊരു കുറ്റവും ചുമത്താൻ സാധിക്കാത്തതിനാൽ എന്തെങ്കിലും ഒരു കുറ്റം ചുമത്തണമെന്ന ഫോർമൽ എൻക്വയറി ഓഫീസറുടെ മുൻവിധിയുടെ അടിസ്ഥാനത്തിലാണ് ഒന്നാം ആരോപണത്തിൽ ടിയാൻ എനിക്കെതിരെ ജാഗ്രതാകുറവും, സൂക്ഷ്മതാകുറവും സംഭവിച്ചതായി രേഖപ്പെടുത്തിയത്.മറ്റുള്ള ആരോപണങ്ങൾ എല്ലാം തന്നെ നിലനിൽക്കുന്നതല്ലായെന്നും അടിസ്ഥാനമില്ലാത്തതെന്നും അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിട്ടുള്ളതാണ്. ഞാൻ സമർപ്പിച്ച അപ്പീൽ മെമ്മോറാണ്ടം ഇതോടൊപ്പം ചേർത്ത് വായിച്ച് എന്റെ നിരപരാധിത്വം ബോദ്ധ്യപ്പെട്ട് എനിക്കെതിരെ ചുമത്തിയ സെൻഷർ റദ്ദാക്കി എന്നെ പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്ന് അപേക്ഷിക്കുന്നു.

3) ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപിതൻ ഉൾപ്പെടെയുള്ള എക്സൈസ് ഉദ്യോഗസ്ഥർ കേസ് കണ്ടെടുത്ത സ്ഥലത്ത് നിന്നും പണം നഷ്ടമായതായി യാതൊരുവിധ പരാതിയും രേഖാമൂലം ആരുംതന്നെ നൽകിയിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിലോ, ഫോർമൽ എൻക്വയറിയിലോ കണ്ടെത്താനായിട്ടില്ല. ഇത്തരത്തിൽ പരാതിക്കാരനോ പരാതിയോ ഇല്ലാത്ത സാഹചര്യത്തിലാണ് കേസ് പോലീസിൽ റിപ്പോർട്ട് ചെയ്യാതിരുന്നതെന്ന് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറായിരുന്ന ശ്രീ.ജോസ് പ്രതാപ് അറിയിച്ചിരുന്നു. ഇത്തരത്തിൽ പരാതിയുടെ അഭാവത്തിൽ ഈ വിഷയം പിൽക്കാലത്തും പോലീസിന്റെ ശ്രദ്ധയിൽ ആരും തന്നെ കൊണ്ടുവന്നിട്ടില്ലെന്നതും, ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. എക്സൈസ് പരിശോധനക്കിടയിൽ പണം നഷ്ടപ്പെട്ടതും പണം മടക്കി കൊടുത്തതുമായ വിഷയത്തിൽ സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ജോസ് പ്രതാപിന്റെ ഭാഗത്ത് ജാഗ്രത കുറവും സൂക്ഷമത കുറവും ഉണ്ടെന്ന് ഇക്കാര്യത്തിൽ വാച്യാന്വേക്ഷണം നടത്തിയ ഉദ്യോഗസ്ഥൻ കണ്ടെത്തിയിരുന്നു. NDPS CR No 70/2022, കേസുമായി ബന്ധപ്പെട്ട് പ്രതിയുടെ പക്കൽ നിന്നും 60000/- രൂപയും മൊബൈൽ ഫോണും നഷ്ടപ്പെട്ടതായ രണ്ടാമത്തെ ആരോപണത്തിൽ തുകയും മൊബൈൽ ഫോണും നഷ്ടപ്പെട്ടതായ വ്യക്തി തന്നെ ആയത് കളവാണെന്ന് മൊഴി നൽകിയിട്ടുള്ളതിനാൽ ടി ആരോപണം നിലനിൽക്കുന്നതല്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കണ്ടെത്തിയിരുന്നു. കൂടാതെ നിരോധിത പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് ശ്രീ.ജോസ് പ്രതാപും പാർട്ടിയും കൂട്ട് നിൽക്കുന്നതായ മൂന്നാമത്തെ ആരോപണവും അടിസ്ഥാനമില്ലാത്തതാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥനായ ജോയിന്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ജോസ് പ്രതാപ് വളരെയധികം മേജർ കേസുകൾ കണ്ടെത്തിയിട്ടുള്ളതായും മികച്ച രീതിയിലുള്ള പ്രവർത്തനത്തിന് മുഖ്യമന്ത്രിയുടെ മെഡൽ

കരസ്ഥമാക്കിയിട്ടുള്ളയാളാണെന്നും മേലുദ്യോഗസ്ഥരുടെ പ്രശംസയ്ക്കും അംഗീകാരത്തിനും പാത്രമായിട്ടുള്ള ആളാണെന്നും, കേസ് കണ്ടുപിടിക്കുന്ന കാര്യത്തിൽ വളരെ മികച്ച പ്രകടനമാണ് നാളിതുവരെ ഉണ്ടായിട്ടുള്ളതെന്നും ബോധ്യപ്പെട്ടിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാനെതിരായ കുറ്റാരോപണങ്ങൾ പരിശോധിച്ചതിൽ ടിയാനെതിരായ പ്രധാന മൂന്ന് കുറ്റാരോപണങ്ങൾക്ക് ആധാരമായി ഏതെങ്കിലും രേഖാമൂലമുള്ള പരാതികളോ വ്യക്തമായ പരാതിക്കാരോ ഉള്ളതായി കാണുന്നില്ല. എന്നിരുന്നാലും ശ്രീ.ജോസ് പ്രതാപിന്റെ ഭാഗത്ത് ഒന്നാമത്തെ ആരോപണത്തിൽ ബോധപൂർവ്വമല്ലാത്ത ജാഗ്രത കുറവ് സംഭവിച്ചതായി കാണുന്നു. ശ്രീ.ജോസ് പ്രതാപിന്റെ കേസുകൾ കണ്ടെത്തുന്നതിലുള്ള അന്വേഷണമികവും ടിയാന്റെ സേവനത്തിനു ലഭിച്ച അംഗീകാരങ്ങളും ബോധ്യപ്പെട്ടതാണെന്ന അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ, ടിയാന്റെ നിരപരാധിത്വം ബോധ്യപ്പെട്ട് ടിയാനെതിരായി ചുമത്തിയ 'സെൻഷർ' റദ്ദാക്കി പൂർണ്ണമായി കുറ്റവിമുക്തനാക്കണമെന്ന് ടിയാൻ നേരിൽ കേൾക്കവേ സമർപ്പിച്ച അപേക്ഷ എന്നിവ പരിഗണിച്ച് ഈ വിഷയത്തിൽ ടിയാനെതിരായ അച്ചടക്ക നടപടി 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് കീഴിലെ ചട്ടം 11 (1) (i) പ്രകാരം "സെൻഷർ" നൽകി തീർപ്പാക്കിയ എക്സൈസ് കമ്മീഷണറുടെ ഉത്തരവ് പുന:പരിശോധിച്ച് ആയതിൽ ഇളവ് നൽകി ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ടിയാന് 'താക്കീത്" നൽകി അച്ചടക്ക നടപടിയിന്മേലുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷജില എസ്
ഡെപ്യൂട്ടി സെക്രട്ടറി

1) എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം.
2) ശ്രീ. എ.ജോസ് പ്രതാപ്,എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എക്സൈസ് കമ്മീഷണർ മുഖേന)
3) അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ) കേരളം, തിരുവനന്തപുരം
4) വെബ് & ന്യൂ മീഡിയ (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reese. V. A
Date: 09-12-2024 11:43:59
സെക്ഷൻ ഓഫീസർ